(ബി) ഫ്ലാറ്റിന്റെ നിർമ്മാണം ഇപ്പോഴും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്നാണ് സ്റ്റേ നീക്കിയതെന്ന് വ്യക്തമാക്കുമോ ; ഫ്ലാറ്റിന്റെ നിർമ്മാണത്തിനായി എന്നാണ് വൈദ്യുതി കണക്ഷൻ നൽകിയതെന്ന് അറിയാമോ ;

(സി) പ്രസ്തുത ഫ്ലാറ്റ് സർക്കാർ പുറമ്പോക്ക് കൈയേറിയാണ് നിർമ്മിച്ചതെന്ന് വകുപ്പിന് അറിയാമായിരുന്നോ ; എങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ആവ്വതി മാൾ ഫ്ലാറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 26-9-2014-ലെ ഉത്തരവ് പ്രകാരം നിർമ്മാണത്തിലിരിക്കുന്ന ഫ്ലാറ്റ് സമുച്ചയത്തിൽ പ്ലാസ്റ്ററിംഗ്, പ്ലമ്പിംഗ് വർക്ക്, ഇലക്ട്രിക്കൽ വർക്ക് തുടങ്ങിയ ഇന്റേണൽ വർക്ക്സ് മാത്രം നടത്താവുന്നതാണെന്നും, പ്രസ്തുത നിർമ്മാണങ്ങൾ ഉടമയുടെ സ്വന്തം ഉത്തരവാദിത്വത്തിൽ നടത്തണമെന്നും ഈ വിഷയത്തിൽ അന്തിമതീരുമാനം ബഹുമാനപ്പെട്ട ലോകായുക്തയുടെ വിധിക്കനുസരിച്ച് ആയിരിക്കണമെന്നും പരാതിക്കാധാരമായ കെട്ടിടത്തിലോ ഭൂമിയിലോ പുതിയ നിർമ്മാണങ്ങൾ ഒന്നും നടത്തരുതെന്നും ഉത്തരവായിട്ടുണ്ട്. ആർടെക് എമ്പയർ എന്ന ഫ്ലാറ്റിന്റെ നിർമ്മാണത്തിനായി ശ്രീ. റ്റി.എസ്.അശോക് എന്ന വ്യക്തിയുടെ പേരിൽ എൽ.റ്റി. 6 എഫ് (LT 6 F) താരിഫിൽ 12-1-2012-ൽ വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്.

(സി) പത്രമാധ്യമങ്ങളിൽ സർക്കാർ ഭൂമി കൈയേറിയാണ് ആർടെക് ഫ്ലാറ്റ് നിർമ്മാണം നടക്കുന്നതെന്ന് വാർത്ത വന്നതിന്റെ അടിസ്ഥാനത്തിൽ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) പരിശോധന നടത്തി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ കെട്ടിടനിർമ്മാതാക്കളുടെ ഉടമസ്ഥതയിലില്ലാത്ത 16.5 സെന്റ് ഭൂമികൂടി ഉൾപ്പെട്ടിട്ടുണ്ടെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഫ്ലാറ്റ് സർക്കാർ പുറമ്പോക്ക് കൈയേറിയാണോ നിർമ്മാണം നടത്തുന്നതെന്ന് പരിശോധിക്കുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കാസർഗോഡ് വികസന അതോറിറ്റി

**108 (1477)** ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പിരിച്ചുവിടപ്പെട്ട കാസർഗോഡ് വികസന അതോറിറ്റിയിൽനിന്ന് എത്രയാളുകൾ വായ്പയെടുത്തിരുന്നു ; വായ്പ എടുത്തവരിൽ തിരിച്ചടയ്ക്കാത്ത എത്ര പേർ ഉണ്ട് ; ഈ ഇനത്തിൽ എത്ര രൂപയാണ് കുടിശ്ശികയായിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വായ്പയ്ക്ക് വസ്തു ഈടായി നൽകിയിട്ടുള്ളവരുടെ പ്രമാണങ്ങൾ ഇപ്പോൾ എവിടെയാണ് സൂക്ഷിച്ചിട്ടുള്ളത് ;

(സി) വായ്പ മുഴുവൻ അടച്ചുതീർത്തവരുടെ പ്രമാണങ്ങൾ തിരിച്ചുനൽകാൻ ബാക്കിയുണ്ടോ ;

(ഡി) അതോറിറ്റി ഇപ്പോൾ നിലവിലില്ലാത്തതിനാൽ അടച്ചു തീർക്കാനുള്ള വായ്പകൾ എഴുതിത്തള്ളാനോ ഒ.ടി.എസ്. ആനുകൂല്യം നൽകാനോ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പിരിച്ചുവിടപ്പെട്ട കാസർഗോഡ് വികസന അതോറിറ്റിയിൽനിന്നും 239 പേർ വായ്പ എടുത്തിരുന്നു. വായ്പ എടുത്തവരിൽ 135 പേർ തിരിച്ചടച്ചിട്ടില്ല. കടിശ്ശിക വായ്പയുടെ പലിശയിൽ വ്യതിയാനം വരുന്നതിനാൽ കൃത്യമായ കടിശ്ശിക തുക കണക്കാക്കിയിട്ടില്ല.

(ബി) വായ്പയ്ക്ക് വസ്തു ഈടായി നൽകിയിട്ടുള്ളവരുടെ പ്രമാണങ്ങൾ ചെമ്മനാട്, ചെങ്കള, മൂളിയാർ, മൊഗ്രാൽ-പുത്തൂർ, മധൂർ, കുമ്പള എന്നീ ഗ്രാമപഞ്ചായത്തുകളുടെ കൈവശമാണ് സൂക്ഷിച്ചിട്ടുള്ളത്.

(സി) ഇല്ല.

(ഡി) മതിയായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ ടി വായ്പകൾ എഴുതിത്തള്ളുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് കഴിയുന്നില്ല. മാത്രവുമല്ല ടി വായ്പകൾ ഹഡ്കോയിൽ നിന്നും കെ.യു.ആർ.ഡി.എഫ്.സി, മുഖേന ലഭ്യമാക്കിയിട്ടുള്ളതിനാൽ അപ്രകാരമുള്ള ബാധ്യത ഹഡ്കോയിൽ നിലനിൽക്കുകയുമാണ്.

## കൊയിലാണ്ടി നഗരസഭയുടെ സ്ഥലം ഫയർസ്റ്റേഷന് വിട്ടുനൽകാൻ നടപടി

**109 (1478)** ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കൊയിലാണ്ടി നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥലം, കൗൺസിൽ തീരുമാനപ്രകാരം, ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് വിട്ടുനൽകുന്നതിന് സർക്കാരിന്റെ അനുവാദം തേടി സമർപ്പിച്ച അപേക്ഷയിൽ വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly